DESPATCHED
On.17/2/23..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1750*(2)/2020*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14408**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ജയിംസ് എം.വി.,
മോളത്ത് വീട്, നല്ലൂർനാട് പി.ഒ.,
മാനന്തവാടി, വയനാട് – 670 645.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
പബ്ലിക് റിലേഷൻ ഓഫീസർ,
കേരള ഹൈക്കോടതി, എറണാകുളം – 682 031.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ(ജനറൽ),
കേരള ഹൈക്കോടതി,
എറണാകുളം – 682 031.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.09.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.10.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.12.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.12.2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 20.08.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) OP No.590 of 1995T എന്ന കോടതി ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

(Open BA/Bcom ബിരുദധാരികളോട് വിവേചനം പാടില്ല എന്ന് കൽപ്പിക്കുന്ന കോടതി ഉത്തരവിന്റെ വിധിപകർപ്പ്)

ആയതിന് 03.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ജുഡീഷ്യൽ നടപടികളുമായി ബന്ധപ്പെട്ട രേഖയുടെ പകർപ്പാണ് ആവശ്യപ്പെട്ടതെന്നും റൂൾ 12 ജുഡീഷ്യൽ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നത് കോടതി വിലക്കിയിട്ടുണ്ടെന്നുമാണ്. കൂടാതെ ജുഡീഷ്യൽ നടപടികളുടെ ഭാഗമായുള്ള രേഖകൾ 1971ലെ കേരള ഹൈക്കോടതിയുടെ ചട്ടങ്ങളിലെ റൂൾ 128/129ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ലഭ്യമാകുന്നതാണെന്നും, ഹൈക്കോടതി പ്രസ്താവിച്ച വിധികളുടെ പ്ലെയിൻ കോപ്പി നിശ്ചിത ഫീസടച്ച് കേരള ഹൈക്കോടതിയുടെ അന്വേഷണ കൗണ്ടറിൽ നിന്നോ കേരള ഹൈക്കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നോ ലഭ്യമാക്കാവുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.10.2020ന് മറുപടി നൽകിയതായി കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ

ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ച തിൽ [The Kerala High Court (Right to Information)Rules,2006] റൂൾ 12 പ്രകാരം ജുഡീഷ്യൽ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം നൽകാൻ പാടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)
Ge/